

# മഞ്ഞപ്പട്ടിത്താഴ്‌വരയുടെ മഴനിഴൽ പ്രകൃതിയിൽ

*(കഴിഞ്ഞലക്കം തുടർച്ച)*

വെള്ളക്കാട്ടുപോത്തിനെ തേടിയുള്ള അനന്യമായ ഒരു വനയാത്ര.

എൻ.എ. നസീർ

ഇടത്തരം ആൺപോത്തായിരുന്നു അത്. നല്ല വെളുത്ത നിറം, കുഞ്ചി രോമങ്ങൾ കാണാം. പ്രകാശം തീരെ പോയി. അതിപ്പോൾ ഒരു പത്ത് മീറ്റർ അടുത്തെത്തികാണും. ഇനി ചിത്രങ്ങൾ എടുക്കാനാകില്ല. പ്രകാശമില്ല. ഞാൻ പതുക്കെ പിൻതിരിഞ്ഞു മുട്ടിലിഴഞ്ഞു വിജയനരുകിലേക്ക് ചെന്നു. വെള്ളപോത്ത് തീരെ ഭയമില്ലാതെ ഞങ്ങളുടെ നീക്കങ്ങൾ നോക്കിനില്ക്കുകയായിരുന്നു. ഞങ്ങളെ ആ കാട്ടിലെ മറ്റേതൊ ജീവികളായി അത് കതുതികഴിഞ്ഞിരുന്നു.

'ഓരോ കാട്ടിൽ ചെല്ലുമ്പോഴും നാം ആ കാടിന്റെ ഭാഗമായിതീരുകയാണ് വേണ്ടത്. എന്നാലെ കാടെന്തെന്ന് നാം അറിയൂ. കാട്ടിൽനിന്നും തികച്ചും അന്യനാണ് നാം എന്ന് കരുതുന്നിടത്താണ് നമ്മുടെ പരാജയം. കാടിനെ സ്നേഹിക്കുക. സ്നേഹിക്കുന്നതിനെ ഭയപ്പെടേണ്ടതില്ലല്ലോ. കാടിന് നമ്മെ കൊടുക്കുക. അതിന്റെ ഹൃദയതാളം അപ്പോൾ കേൾക്കാനാകും.'

ഇത്തരത്തിലുള്ള അനുഭവം എനിക്കു പുതിയതല്ലായിരുന്നു. മുതുമല കാട്ടിലെയും തേക്കടി കാട്ടിലെയും മുഖത്തോട് മുഖം നോക്കി നിന്ന കരടികൾ, പറമ്പിക്കുളത്തെ കാടിറങ്ങിവന്ന രാജനാഗം, മസ്നഗുഡിയിൽ ക്യാമറക്കു മുന്നിൽ കിടന്നു തന്ന കടുവ, എണ്ണമറ്റ കൊമ്പനാനകൾ ഒക്കെ ഏറെ എടുത്ത് വന്നാണ് പോസു തന്നിരുന്നത്. അവയൊന്നും എന്നെ കണ്ട് ഭയക്കുകയോ പരിഭ്രമിക്കുകയോ ഒന്നും ചെയ്തിട്ടില്ല. എല്ലാം സൗഹൃദപൂർവ്വമായിരുന്നു.

പല ഫോട്ടോഗ്രാഫർമാരുടെയും ഗവേഷകരുടെയും യാത്രാവിവരണങ്ങളും അനുഭവങ്ങളും കേൾക്കുമ്പോൾ അത്ഭുതം തോന്നിയിട്ടുണ്ട്. ആ വിശദീകരണങ്ങളിൽ നിറഞ്ഞുനിന്നവയിൽ അധികവും പല വന്യജീവികളും ആക്രമിക്കുവാൻ വന്നതും അപകടങ്ങൾ പറ്റിയ കാര്യങ്ങളുമായിരുന്നു. പലരുടേയും ഭാഷകളിൽ ഭയത്തിന്റെ നിഴലുകളായിരുന്നു. സ്നേഹിക്കുന്നവയെ എന്തിനാണ് ഭയപ്പെടുന്നത് എന്ന ചോദ്യം ഇത്തരം വിവരണങ്ങൾ കേൾക്കുമ്പോൾ എന്നെ വല്ലാതെ അലട്ടിയിട്ടുണ്ട്.

ആ ഇരുളിൽ ഞങ്ങൾ തിരിച്ചു മല കയറി. വിജയന് ഇരുളിലും കണ്ണു കാണും. അയാൾ ഇടക്കിടെ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. സാറെ ഇവിടെ ഒരു കുഴി, ഒരു കല്ല് നോക്കി വരണം.

കുത്തനെയുള്ള ആ കയറ്റം ഇരുളിൽ ദുർഘടമായി തോന്നിയെങ്കിലും മനസ്സു നിറയെ വെള്ളക്കാട്ടുപോത്തിന്റെ രൂപം നിറഞ്ഞുനിന്നതുകൊണ്ട് വശികപാറയുടെ മുകളിലെത്തിയത് അറിഞ്ഞില്ല.

സിബിയും ശിവകുമാറും വെളുമ്പിതന്ന കഞ്ഞിയും ഉരുളക്കിഴങ്ങ് കറിയും ഒരു പാത്രത്തിലാക്കി, താഴ്‌വരയിലേക്ക് തള്ളിനില്ക്കുന്ന ഒരു പാറയിൽ ഞാൻ സ്ഥലം പിടിച്ചു. കൊടൈ മലകളിൽനിന്നും കുളിരുള്ള കാറ്റ് വീശിത്തുടങ്ങി. താഴ്‌വാരത്തിൽനിന്നും ഒരു കാട്ടുപോത്ത് നീട്ടിവിളിച്ചു. ആകാശത്ത് നക്ഷത്രങ്ങൾ എത്തി തുടങ്ങി.

'നാളെ കാലെ പോത്തിനെ തേടി പോകാം സാറെ' വിജയൻ വിളിച്ചു ചോദിച്ചു.

'അതെ, വിജയാ, പുലർച്ചെ നോക്കണം' ഞാൻ പറഞ്ഞു.

രാത്രിയിൽ ഏറെ നേരം വിജയന്റെയും ശിവകുമാറിന്റെയും കാട്ടുകഥകൾ കേട്ടിരുന്നു. അതിൽ ഏറിയ പങ്കും ചന്ദനകള്ളന്മാരെ പിടിച്ച കഥകളായിരുന്നു. പിന്നെ കൊടൈ ഗ്രാമങ്ങളിൽനിന്നും മലയിറങ്ങി മഞ്ചപ്പട്ടി താഴ്വരയിലൂടെ ചിന്നാറിലേക്ക് നടന്നുവന്നത്. പുള്ളിപുലിയെ കണ്ടത്.

ആദിവാസികളായ വിജയനും ശിവകുമാറും ഏതു കാലാവസ്ഥയിലും ഏതു മലനിരകൾ കയറി മറിയാനും യാതൊരു മടിയുമില്ലാത്തവരാണ്. 'ഹിൽപുലയാസ്' എന്ന പേരിന്റെ സകല അർത്ഥവും അവരിൽ നിറഞ്ഞുനിന്നു. കാട്ടിലൂടെ സഞ്ചരിക്കുമ്പോൾ വിജയന് വെള്ളമൊന്നും വേണ്ട. അയാൾ എപ്പോഴും ഏതെങ്കിലും മലയുടെ ഉച്ചിയിൽ കയറിനിന്ന്, ബൈനോകുലറിലൂടെ വെള്ളകാട്ടുപോത്തിനെ തേടികൊണ്ടിരിക്കും. എന്റെ ഓരോ വനയാത്രകളിലും ഇത്തരത്തിലുള്ള കൂട്ടുകാരായ ഓരോ വഴികാട്ടികൾ കാത്തുനില്പുണ്ടാകും. ടോപ്പ് സ്റ്റേഷനിലെ മനോഹർ, മസനുഗുഡിയിലെ ഉടുമ്പ് മാരി, പറമ്പിക്കുളത്തെ വിജയനും ജിമ്മിയും, തേക്കടിയിലെ കണ്ണൻ, അടിച്ചിൽ തൊട്ടിയിലെ കുമാരൻ ഇവരൊക്കെ കാടിനെ നെഞ്ചിലേറ്റി നടക്കുന്നവരാണ്. ഇവരൊക്കെ ഒരുന്ന സ്നേഹ വാത്സല്യങ്ങൾക്കു മുന്നിൽ എന്തു കൊടുത്താലാണ് പകരമാവുക?

നിലാവ് വഴിഞ്ഞൊഴുകുകയാണ്. ഞാൻ ഉറക്കമുണർന്നു. താഴ്വാരത്തിൽ കാടും നിലാവും കൂടികുഴഞ്ഞ ഒരു മായാകാഴ്ച. ശീതകാറ്റ് വീശികൊണ്ടിരുന്നു.

രാവിലെ അഞ്ചു മണിയോടെ ഞങ്ങൾ ഉണർന്നു. ഞാൻ നിലാവിന്റെ ചില ചിത്രങ്ങൾ എടുത്തു. കിഴക്ക് നിറമാറ്റം തുടങ്ങി. പക്ഷികൾ സംഗീതമഴ ആരംഭിച്ചു. താഴെ വെള്ളപോത്തിന്റെ രൂപം ചലിക്കുന്നത് ആ മങ്ങിയ പ്രകാശത്തിൽ ഞങ്ങൾ നോക്കിനിന്നു. സൂര്യകിരണങ്ങൾ താഴേക്കെത്തിയിട്ടില്ല. സമയം ഏഴു മണി ആയപ്പോൾ കട്ടൻകാപ്പിയും അവലും കഴിച്ച് ഞാനും വിജയനും താഴേക്കിറങ്ങി തുടങ്ങി. ഇപ്രാവശ്യം ശരിക്കും കിഴുക്കാംതൂക്കായ വശത്തുകൂടിയായിരുന്നു ആ ഇറക്കം. താഴ്വാരത്തിൽ ഒരു മയിൽ ചിറകു വിടർത്തി ആടുന്ന കാഴ്ച ഏതാനും നേരം ഞങ്ങളെ പിടിച്ചുനിർത്തി. തലേന്നിറങ്ങിയ ഓടയിലൂടെ ഞങ്ങൾ മുന്നോട്ട് നടന്നു. എവിടെയും കാട്ടുപോത്തുകളുടെ ചവിട്ടടിപ്പാട്ടുകൾ. കുറച്ചധികം ദൂരം മുന്നോട്ട് പോയപ്പോൾ, വലതു വശത്തെ കുറ്റിചെടികൾക്കിടയിൽ ഒരു കാട്ടുപോത്ത് നില്കുന്നത് കണ്ടു. ഞങ്ങൾ ഇടതുവശത്തെ മണൽ തിട്ടയിലേക്ക് കയറി. മറുവശത്തെ കാട്ടുപോത്തിൻകൂട്ടം ഞങ്ങളെ കണ്ടില്ല. കുറച്ചുകൂടി മുകളിലേക്കു കയറിയ ഞങ്ങൾ ഒരു മരത്തിന്റെ ചോട്ടിലിരുന്നു മറുവശത്ത് നില്ക്കുന്ന കാട്ടുപോത്തിൻകൂട്ടത്തെ നോക്കി. അവ ഒന്നൊന്നായി താഴെ ഓടയിലേക്കിറങ്ങുകയാണ്. ആ കൂട്ടത്തിൽ വെള്ളപ്പോത്തിനെ മാത്രം കണ്ടില്ല. ഈ കൂട്ടത്തിൽ അതില്ല എന്നു തോന്നുന്നു. പിന്നിൽ എന്തൊ ശബ്ദം കേട്ട ഞങ്ങൾ തിരിഞ്ഞുനോക്കിയപ്പോൾ, ഒരു കൂറ്റൻ കാട്ടുപോത്ത് ഞങ്ങളെ തന്നെ നോക്കിനില്ക്കുകയാണ്. അതും ഏറെ അടുത്ത് തന്നെ. കുറച്ചു കഴിഞ്ഞപ്പോൾ അത് പിന്തിരിഞ്ഞുപോയി. ഞാനും വിജയനും അതിന്റെ പിന്നാലെയും. മുൾച്ചെടികൾക്കിടയിലൂടെ ഞങ്ങൾ മുന്നോട്ട് നീങ്ങി. കുറച്ചു ദൂരം കൂടിച്ചെന്നിട്ട് ഒരു കുറ്റിച്ചെടിയുടെ മറവിൽ ഇരുപ്പുറപ്പിച്ചു. ഞങ്ങളുടെ തൊട്ടപ്പുറത്തായി ഒരു ഒരു കൂട്ടം കാട്ടുപോത്തുക്കൾ നില്പ്പുണ്ട്. മുന്നിലെ കുറ്റിക്കാട്ടിൽ നിന്നും ഒരു കാട്ടുപോത്ത് തലകാട്ടി. ഞങ്ങളെ കണ്ട അതൊന്ന് ചീറ്റി. പിന്നെ മുൻകാലുകൾ നിലത്ത് ചവിട്ടി അമർഷം രേഖപ്പെടുത്തി. അവയ്ക്കു ഞങ്ങളുടെ സാന്നിദ്ധ്യം മനസ്സിലായി. പക്ഷെ, നിലത്തിരിക്കുന്ന ഞങ്ങളെ മനുഷ്യ ജീവിയായി അവ കണക്കാക്കിയിട്ടില്ല. മുന്നിലുണ്ടായ കാട്ടുപോത്ത് ചെടികൾക്കിടയിൽ നിന്നും പുറത്തുവന്നു.

"ഹോ... എന്തൊരു കൂറ്റനാണ്" വിജയൻ മന്ത്രിച്ചു. അതിനു തൊട്ടുപിന്നാലെ മറ്റൊരു കാട്ടുപോത്തുകൂടി ഞങ്ങൾക്കു നേരെ വന്നു. അത് തൊട്ടടുത്ത മരത്തിൽ തല ചെരിച്ചു പിടിച്ച് ഒരു വെട്ട്. എന്തൊരു മുഴക്കമായിരുന്നു. പിന്നെയും തുടരെ തുടരെ. രണ്ടും ഞങ്ങൾക്കരുകിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. എന്റെ 300 എം.എം. ലെൻസിലൂടെ അതിന്റെ കണ്ണുമാത്രമേ ഫോട്ടോ എടുക്കാനാകൂ. ഞാൻ ക്യാമറ ഓഫാക്കി. അവയെ നോക്കിയിരുന്നു. ഫോട്ടോഗ്രാഫിയെ കുറിച്ച് തല്ക്കാലം മറന്നു. അവ വീണ്ടും കുറേക്കൂടി അടുത്തെത്തി. ശക്തമായ ചൂര് മൂക്കിലേക്കടിച്ചു കയറി. ഞാൻ പിന്നിലേക്കു നോക്കി. അവിടെ മറ്റൊരു വമ്പൻ ഞങ്ങളെ തന്നെ നോക്കി നില്ക്കുകയാണ്. എനിക്ക് ബഹുരസമാണ് തോന്നിയത്. കാരണം അവ ഞങ്ങളെ മനുഷ്യരായി കണ്ടിട്ടില്ല. വിജയൻ കുറേച്ചെ വിറക്കുവാൻ തുടങ്ങി.

"ഭയപ്പെടരുത്. അവ നമ്മളെ ഉപദ്രവിക്കില്ല" ഞാൻ വിജയന്റെ ചെവിയിൽ മന്ത്രിച്ചു. മുന്നിലുള്ള കാട്ടുപോത്തുക്കളുടെ പിന്നാലെ ഒന്നു രണ്ടെണ്ണം തറയിൽ ചവിട്ടിയും മരത്തിലിടിച്ചും മുന്നോട്ടു നീങ്ങുകയാണ്.

പെട്ടെന്നാണ് എനിക്കൊരു കാര്യം മനസ്സിലായത്. അവ കടന്നുപോകുന്ന പ്രധാന പാതയിലാണ് ഞങ്ങളുടെ ഇരിപ്പ്. രണ്ട് ഗ്രൂപ്പുകൾക്കും ഒന്നായിചേരണം. അതിനു തടസ്സം നടുക്ക് ഇരിക്കുന്ന ഞങ്ങൾ രണ്ടുപേരുമാണ്. ഞാൻ വിജയന്റെ കൈ പിടിച്ച് പതുക്കെ വലതു വശത്തേക്ക് മുട്ടിലിഴഞ്ഞു. ഇടക്ക് പിന്തിരിഞ്ഞു നോക്കിയപ്പോൾ ഞങ്ങൾ ഇരുന്ന സ്ഥലത്താണിപ്പോൾ കാട്ടുപോത്തുകളൊക്കെ. അവ വാലാട്ടി തലകുടങ്ങും മണം പിടിച്ചു നില്ക്കുന്നു. രോഷമെല്ലാം പോയി.

കൈകാലുകളിൽ മുള്ളുകൾ തറച്ച് ഞങ്ങൾ എഴുന്നേറ്റു നിന്നു. "എന്റെ സാറെ ഞാൻ കാട്ടുപോത്തുകളുടെ അരികിൽ അമ്പത് മീറ്റർ അകലെ ഒക്കെ പോയിട്ടുണ്ട്. പക്ഷെ, ഇത് കൈ എത്തുന്ന അകലത്തിൽ അതും നമ്മളെ ഒന്നും ചെയ്യാതെ വിടുക!" വിജയന് ആശ്ചര്യം.

"വിജയാ അവയ്ക്കു നമ്മളെ അറിയാം. നമ്മൾക്കു അവയെയും.

ശത്രുക്കളല്ല, മിത്രങ്ങളാണെന്ന്." ഞാൻ വിജയനെ നോക്കി. പിന്നെ വാച്ചിലേക്കും. അവയുമായി മുഖാമുഖം ഒരു മണിക്കൂറോളം നിന്നുകാണും.

അകലെ ആനയുടെ ശബ്ദം. പോകുന്ന വഴിയിലാണ്. ശബ്ദം കൊണ്ടത് കൊമ്പനായിരിക്കും എന്നു തോന്നി. ഞങ്ങൾ ആ വഴിക്ക് നടന്നു. വശീകപ്പാറയുടെ വലത്തേ അറ്റത്തുള്ള അമ്പലപ്പാറയുടെ നേരെ അടിയിലാണ് ഞങ്ങൾ എത്തിയത്. അമ്പലപ്പാറയിൽ നിന്നും മഴപെയ്യുമ്പോൾ വെള്ളമൊഴുകി താഴോട്ട് എത്തുമ്പോൾ കെട്ടിനില്ക്കുവാനായി ഒരു തടയണ നിർമ്മിച്ചിട്ടുണ്ട്. വന്യജീവികൾക്കായി. അതിലിപ്പോൾ കല്ലും മണ്ണും മാത്രമേ ഉള്ളൂ. മഴ ഈ പ്രദേശത്ത് അപൂർവ്വമാണല്ലോ.

"ആന" വിജയൻ പറഞ്ഞു. ഒരു കൊമ്പൻ മരങ്ങൾക്കിടയിലൂടെ തിരക്കിട്ട് നടന്നു പോകുന്നു. കുറച്ചു ചിത്രങ്ങൾ എടുത്തു. ഞങ്ങൾ അമ്പലപ്പാറയിലേക്ക് കയറി തുടങ്ങി. ചിലയിടങ്ങളിൽ പുള്ളിമാൻ കൂട്ടങ്ങളേയും കലമാൻ കൂട്ടങ്ങളേയും കണ്ടു. അമ്പലപാറയിൽ നിന്നും ഒരു ചെറിയ നീരൊഴുക്ക് താഴോട്ട് ഉണ്ട്. പാറകൾ പേരിന് നനച്ചുകൊണ്ടത് ഒരു ചെറിയി കുഴിയിൽ എത്തുന്നു. അതാണ് വന്യജീവികളുടെ ദാഹനീര്.

ഞങ്ങൾ മുകളിൽ എത്തിയപ്പോൾ ശിവകുമാർ വെള്ളം നിറക്കുന്ന ജഗ്ഗുമായി അവിടെയുണ്ട്. വിജയൻ കാട്ടുപോത്തിനെ മുഖാമുഖം കണ്ടത് വിവരിക്കുന്ന തിരക്കിലാണ്. ഞാൻ ഇറ്റിറ്റു വരുന്ന വെള്ളത്തിൽ ധരിച്ചിരിക്കുന്ന ബനിയൻ ഊരി മുക്കി. പിന്നെ അത് വെച്ച് ദേഹം തുടച്ചു. പിന്നെ കൈകുമ്പിളിൽ കോരി തലയിലൊഴിച്ചു. പാറയുടെ ചുട് വെള്ളത്തിനും. എങ്കിലും സുഖം തോന്നി. തൊപ്പി നനച്ചു തലയിലും വെച്ചപ്പോൾ വെയിലിന്റെ തീക്ഷ്ണത കുറഞ്ഞതുപോലെ. ജഗ്ഗിൽ കുറേ സമയം കൊണ്ട് ഞങ്ങൽ വെള്ളം നിറച്ചു. പിന്നെ വശീകപ്പാറയിലേക്കുള്ള വഴിയിലൂടെ നടന്നു. വഴിയിൽ ഒരു പിടിയാനയും കുട്ടിയും. അവ കാട്ടിലേക്കു പിൻമാറി.

വശീകപ്പാറയിലെത്തിയപ്പോൾ സിബി ഊണൊരുക്കി കാത്തിരിക്കുകയായിരുന്നു. ചോറ്, മുളക് ചുട്ടത്, പുളിരസം, കൊള്ളാം, പിന്നെ ചാണകം മെഴുകിയ വരാന്തയിൽ ഒരു വിശ്രമം. അഞ്ച് മണികഴിഞ്ഞപ്പോൾ വെള്ളപ്പോത്തിനെ അമ്പലപ്പാറയുടെ താഴെ കണ്ടു. ഞങ്ങൾ അങ്ങോട്ട് തിരിച്ചു. മുക്കാൽ മണിക്കൂർ കയറി ഇറങ്ങി കാട്ടുപാത വഴി അവിടെ എത്തി. താഴെ ഒരു കൂട്ടം കാട്ടുപോത്തുകൾ അതിനിടയിൽ ഞങ്ങളുടെ വെള്ളപ്പോത്തും. പ്രകാശം കുറഞ്ഞു തുടങ്ങി. ഞാൻ കുറച്ചു ചിത്രങ്ങൽ എടുത്തു. നാളെ രാവിലെ അവിടെ എത്തിയാൽ അവയെ കിട്ടും. ആ ദിക്കിൽ വെള്ളമുള്ള ഒറ്റ സ്ഥലം ഇതു മാത്രമാണ്. ഞങ്ങൾ ഇരുളിലൂടെ വശീകപ്പാറയിലേക്ക് നടന്നു.

പിറ്റേന്ന് അഞ്ചുമണിക്ക് ഉണർന്നു. അന്തരീക്ഷമാകെ മൂടികെട്ടി നില്ക്കുന്നു. ആറ് മണി കഴിഞ്ഞപ്പോൾ വിജയനേയും കൂട്ടി അമ്പലപ്പാറയിലേക്ക് നടന്നു. ഭാഗ്യം വെള്ളപ്പോത്ത് താഴെയുണ്ട്. ഞങ്ങൾ താഴേക്കിറങ്ങി. ആനയുടെ ഗന്ധം മൂക്കിലടിക്കുന്നു. അടുത്തെവിടെയോ ഉണ്ട്. കരിയിലകൾക്കിടയിലൂടെ മുന്നോട്ടു നടക്കുകയാണ് ഞങ്ങൾ. പരമാവധി ശബ്ദങ്ങൾ നിയന്ത്രിച്ച്. ഞങ്ങൾക്ക് തൊട്ടുമുന്നിലൂടെ കാട്ടുപോത്തിൻകൂട്ടം നടന്നു നീങ്ങുന്നു. ഞങ്ങൾ നിശ്ചലരായി. വെള്ളകാട്ടുപോത്തിൻ കൂട്ടം നടന്നു നീങ്ങുന്നു. ഞങ്ങൾ നിശ്ചലരായി. വെള്ളകാട്ടുപോത്ത് വന്നു. അതിനെ തള്ളി മുന്നോട്ടു നീക്കിക്കൊണ്ട് മറ്റൊരു കാട്ടുപോത്ത്. കുറച്ച് ചിത്രങ്ങൾ കിട്ടി. ഒരു കൂട്ടം കലമാനുകൾ ഞങ്ങളെ കണ്ടു പിടിച്ചു കഴിഞ്ഞു. അവ ശബ്ദം ഉണ്ടാക്കി. കാട്ടുപോത്തിൻ കൂട്ടം. മുൾക്കാടിലേക്ക് പാഞ്ഞു. ഞങ്ങൾ മുൾക്കാട്ടിലൂടെയും ഓടകളും കുന്നുകളും കയറി ഇറങ്ങി അവയ്ക്കു പിന്നാലെ അലഞ്ഞു. പിന്നീട് നല്ല ഒരു ചിത്രത്തിനുള്ള അവസരം കിട്ടിയില്ല. ഒടുവിൽ പതിനൊന്ന് മണിയോടെ ഞങ്ങൾ വശീകപ്പാറയിലെത്തി. കത്തുന്ന വിശപ്പ്. വലിയ പാത്രത്തിൽ കഞ്ഞി കുടിച്ചു.

കാട്ടുപോത്തുക്കളോട് വിടപറഞ്ഞു തിരികെ പോകുവാനുള്ള ഒരുക്കങ്ങളായി. താഴെ പാമ്പാറിന്റെ കുളിരിലേക്ക് ആ കൊടും വെയിലിൽ ഇറങ്ങി നടക്കുമ്പോൾ മനസ്സ് നിറയെ വെള്ളകാട്ടുപ്പോത്തായിരുന്നു. താമസിയാതെ ഇനിയും വരണം. ഈ മുൾക്കാടുകൾ എന്നെ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു.

"കാടെ... ഒരായിരം നന്ദി... എല്ലാ അനുഗ്രഹങ്ങൾക്കും അനുഭവങ്ങൾക്കും..."

*(അവസാനിച്ചു)*

നടുവിലകത്ത് വീട്, പള്ളിപ്പോർട്ട്, എറണാകുളം


# സാമൂഹ്യ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

കേരളത്തിലെ പൊതു വിഭവങ്ങൾക്കുവേണ്ടിയുള്ള ജനകീയ സമരങ്ങളേയും പൊതു പ്രശ്നങ്ങളേയും കേരളീയത്തിൽ പരിചയപ്പെടുത്തുന്നതിനും ബന്ധിപ്പിക്കുന്നതിനുംവേണ്ടി തുടർച്ചയായി ശ്രമിക്കുന്ന മാധ്യമമെന്നനിലയിൽ വലുതും ചെറുതുമായ എല്ലാ സമരങ്ങളുടെയും അറിയിപ്പുകൾ, നോട്ടീസുകൾ, പഠനവിവരങ്ങൾ, പത്രക്കട്ടിങ്ങുകൾ, ഫോട്ടോകൾ തുടങ്ങിയവ കേരളീയത്തിലേക്ക് അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രമാധ്യമങ്ങളുടെ പ്രാദേശിക എഡിഷനുകൾ വന്നതോടുകൂടി ഒരു പൊതുപ്രശ്നം ജില്ലയ്ക്കകത്തു പോലും ചർച്ച ചെയ്യാതിരിക്കുന്ന സ്ഥിതിയിൽ അതറിയിക്കാനും ബന്ധിപ്പിക്കാനും സമരവിവരങ്ങൾ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിലാസം :

**കേരളീയം, കൊക്കാലെ, തൃശൂർ-21**
**ഫോൺ : 9446576943, 9446586943**
**0487-2421385**
**e-mail** : robinkeraleeyam@gmail.com